## പതിനാലാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

10.05.2017-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 2974

## നാദാപുരം കനിയിൽ ശശീന്ദ്രൻ മകൻ അശ്വിൻ ലാലിനെ പോലീസ് ക്രൂരമായി മർദ്ദിച്ച കേസ്

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) നാദാപുരം മണ്ഡലത്തിൽ നാദാപുരം പോലീസ് സ്റ്റേഷൻ പരിധിയിലെ പുറമേരിയിൽ വച്ച് കനിയിൽ ശശീന്ദ്രൻ മകൻ അശ്വിൻ ലാലിനെ പോലീസ് അതി ക്രൂരമായി മർദിച്ച കേസിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;<br><br>(ബി) പ്രതികൾക്കെതിരെ നടപടി വൈകാനുള്ള കാരണം വിശദമാക്കാമോ; | (എ) & (ബി) അശ്വിൻലാൽ, S/o. ശശീന്ദ്രൻ കനിയിൽ വീട്ടിൽ കനിങ്ങാട് എന്നയാൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി നാദാപുരം ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തുകയും പ്രസ്തുത പരാതിയെപ്പറ്റി നാദാപുരം ഡി.വൈ.എസ്.പി. നടത്തിയ അന്വേഷണത്തിൽ 27.12.2016-ാം തീയതി പുറമേരി കടത്തനാട്ട് രാജാസ് ഹൈസ്കൂൾ ഗ്രൗണ്ടിൽ 'പുറമേരി ഫെസ്റ്റ്' എന്ന പേരിൽ കാർണിവൽ നടന്ന് വരവെ രാത്രി 11 മണിയോടുകൂടി ഗ്രൗണ്ടിൽ ബഹളം നടക്കുന്നുണ്ട് എന്ന വിവരം ലഭിച്ചതിനെ തുടർന്ന് സ്ഥലത്തെത്തിയ പോലീസ് സംഘം ടി ഗ്രൗണ്ടിൽ അക്രമാസക്തരായി കൂട്ടംകൂടി നിന്ന ആളുകളോട് പിരിഞ്ഞു പോകാൻ ആവശ്യപ്പെട്ടിട്ടും പിരിഞ്ഞു പോകാത്തതിനാൽ കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിനായി അക്രമാസക്തരായി കൂട്ടംകൂടി നിന്ന ആളുകളെ മതിയായ ബലം പ്രയോഗിച്ച് പിരിച്ച് വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിവായിട്ടുണ്ട്. എന്നാൽ പരാതിക്കാരനായ അശ്വിൻലാൽ എന്നയാളെ വിരോധം വച്ച് ദേഹോപദ്രവം ഏൽപ്പിച്ചിട്ടില്ല എന്നും പോലീസ് ഔദ്യോഗിക കൃത്യനിർവ്വഹണം ചെയ്യുക മാത്രമേ ഉണ്ടായിട്ടുള്ളൂ എന്നും അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (സി) പരാതിക്കാരൻ പട്ടികജാതിയിൽ പെട്ട ആളായത് കൊണ്ടാണ് കേസ് രജിസ്റ്റർ ചെയ്യാത്തത് എന്ന ആക്ഷേപം ശരിയാണോ; | (സി) ശരിയല്ല. |
| (ഡി) പട്ടിക ജാതിയിൽപ്പെട്ട ആളെ മർദ്ദിച്ചാൽ ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് രജിസ്റ്റർ ചെയ്യാറുള്ളതെന്ന് വ്യക്തമാക്കാമോ ? | (ഡി) പട്ടികജാതിയിൽപ്പെട്ട ആളുകളെ മർദ്ദിച്ചതായ സംഭവങ്ങളിൽ ചെയ്ത കുറ്റങ്ങൾ അനുസരിച്ചുള്ള ബന്ധപ്പെട്ട വകുപ്പുകൾ കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരവുമാണ് കേസ് രജിസ്റ്റർ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ